# Finance Minister SmtNirmalaSitharaman and Finance Minister of BhutanMrLyonpoNamgayTshering jointly launch BHIM–UPI in Bhutan

July 13, 2021

---

# ഇന്ത്യൻ സാമ്പത്തികകാര്യമന്ത്രി നിർമല സീതാരാമനും ഭൂട്ടാൻ ധനമന്ത്രിയായ ലിയോൺ പോനാ നംഗെ ഷെറിംഗും സംയുക്തമായി ഭൂട്ടാനിൽ BHIM-UPI ഉദ്ഘാടനം ചെയ്തു.

ജൂലൈ 13, 2021

**2019 ൽ നടന്ന പ്രധാനമന്ത്രിയുടെ ഭൂട്ടാൻ സന്ദർശനത്തിൽ നടത്തിയ വാഗ്ദാനമാണ്ഈ ഉദ്ഘാടനം മുഖേനെ പൂർത്തീകരിക്കപ്പെട്ടത്.**

ഇന്ന് വൈകുന്നേരം ഭൂട്ടാനിൽ നടന്ന വിർചൽ ചടങ്ങിൽ ഫിനാൻസ് & കോർപ്പറേറ്റ് അഫയേഴ്സ് വകുപ്പ് മന്ത്രി ശ്രീമതി നിർമല സീതാരാമനും ഭൂട്ടാൻ ധനമന്തി ലിയോൺ പോനാ നംഗെ ഷെറിംഗും സംയുക്തമായി ഭൂട്ടാനിൽ BHIM-UPI ഉദ്ഘാടനം ചെയ്തു.ചടങ്ങിൽ സംസ്ഥാന മന്ത്രി (ധനകാര്യ) മന്ത്രി ഡോ. ഭഗവത് കിഷൻറാവു കാരാദ്, ഭൂട്ടാൻ റോയൽ മോണിറ്ററി അതോറിറ്റി ഗവർണർ ശ്രീ.ദാഷോ പെൻജോർ, സാമ്പത്തിക കാറായ വകുപ്പ് സെക്രട്ടറി ശ്രീ ദേബാശിഷ് പാണ്ഡേ, ഭൂട്ടാനെൽ ഇന്ത്യൻ അംബാസിഡർ മിസ്. രുചിറ കംബോജ്, ഇന്ത്യയിലെ ഭൂട്ടാൻ അംബാസിഡർ ജനറൽ വി. നംഗ്യേൽ, NPCI യുടെ എംഡി& സി ഇ ഓ യുമായ ശ്രീ ദിലീപ് അസ്ബെ എന്നിവർ പങ്കെടുത്തു

ഇന്ത്യയുടെ അയൽരാജ്യങ്ങൾക്ക് മുൻഗണന എന്ന നയത്തിന് കീഴിൽ ഭൂട്ടാനിൽ സേവനങ്ങൾ ആരംഭിച്ചതായും സ്വന്തം നേട്ടത്തിൽ ഇന്ത്യ അഭിമാനിക്കുന്നുവെന്നും ഞങ്ങളുടെ മികച്ച അയൽവാസിയുമായി ഇത് പങ്കിടുന്നതിൽ സന്തോഷമുണ്ടെന്നും ചടങ്ങിൽ സംസാരിക്കുമ്പോൾ ശ്രീമതി. സീതാരാമൻ പറഞ്ഞു.കോവിഡ് പകർച്ചവ്യാധിയുടെ കാലഘട്ടത്തിൽ ഏറ്റവും തിളക്കമാർന്ന രീതിയിൽ ഡിജിറ്റൽ ഇടപാടുകൾ നടത്തിയിരിക്കുന്നുവെന്നു സാമ്പത്തികകാര്യ മന്ത്രി വ്യക്തമാക്കി, കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 100 ദശലക്ഷത്തിലധികംUPI QR സൃഷ്ടിച്ചിരിക്കുന്നുവെന്നും

2020 -21 BHIM UPI 41 ലക്ഷം കോടി രൂപയുടെ 22 ബില്യൺ ഇടപാടുകൾ പ്രോസസ്സ് ചെയ്യുകയും ചെയ്തു.

ഭൂട്ടാനിൽ BHIM- UPI സേവനങ്ങൾ ആരംഭിച്ചതിന്, ഭൂട്ടാൻ ധനകാര്യമന്ത്രി മന്ത്രി ലിയോൺ പോനാ നംഗെ ഷെറിംഗ് ഇന്ത്യൻ ഭരണകൂടത്തെ അഭിനന്ദിക്കുകയും നന്ദി രേഖപ്പെടുത്തുകയും ചെയ്തു കൂടാതെ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം നാൾക്കുനാൾ ദൃഡപ്പെടുകയാണെന്നും കൂട്ടിച്ചേർത്തു.

ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ 2019 ലെ ഭൂട്ടാൻ സന്ദർശന വേളയിൽ ഇരു രാജ്യങ്ങളും നടത്തിയ പ്രതിബദ്ധതയാണ് ഈ സേവനത്തിന്റെ ആരംഭത്തിലൂടെ നിറവേറ്റപ്പെടുന്നത്. അന്ന് നടത്തിയ സന്ദർശനത്തെത്തുടർന്ന്, ഇന്ത്യയും ഭൂട്ടാനും തമ്മിൽ പരസ്പരം രാജ്യങ്ങളിൽ റൂപേ കാർഡുകൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ രണ്ടു ഘട്ടങ്ങളിലായി നടപ്പിൽ വരുത്തിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ഭൂട്ടാൻ അധിഷ്ഠിത ടെർമിനലുകളിൽ ഇന്ത്യയിൽ നൽകിയ റൂപേ കാർഡുകൾ സ്വീകരിക്കുകയും രണ്ടാം ഘട്ടത്തിൽ തിരിച്ചും നടപ്പിലാക്കുകയും ചെയ്തു.

ഭൂട്ടാനിൽ ഇന്ന് BHIM -UPI സമാരംഭിക്കുന്നതോടെ, ഇരു രാജ്യങ്ങളുടെയും പേയ്മെന്റ് ഘടനകൾ പരിധികളില്ലാതെ ബന്ധിപ്പിക്കപ്പെടുന്നതാണ്, മാത്രമല്ല ഓരോ വർഷവും ഇന്ത്യയിൽ നിന്നും ഭൂട്ടാനിലേക്ക് പോകുന്ന വിനോദ സഞ്ചാരികൾക്കും ബിസിനസുകാർക്കും ഇത് ഗുണം ചെയ്യും. ഇത് ഒരു ബട്ടൺ മാത്രം അമർത്തി പണരഹിതമായ ഇടപാടുകളിലൂടെ ജീവിത സൗകര്യവും യാത്രാ സൗകര്യവും വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ് .

ഇതിന്റെ ഭാഗമായി ശ്രീമതി.നിർമല സിതാരാമൻ ഭൂട്ടാനിലെ പ്രാദേശിക സമൂഹങ്ങൾ ജൈവരീതിയിലൂടെ നിർമ്മിച്ച പുതിയ കാർഷിക ഉൽപന്നങ്ങൾ വിൽക്കുന്ന ഭൂട്ടാനീസ് OGOP ഔട്ട്ലെറ്റിൽ നിന്ന് ഒരു ഓർഗാനിക് ഉൽപ്പന്നം വാങ്ങി BHIM -UPI ഉപയോഗിച്ച് ഒരു തത്സമയ ഇടപാട് നടത്തുകയും ചെയ്തു.
QR വിന്യാസത്തിനായി UPI മാനദണ്ഡങ്ങൾ സ്വീകരിച്ച ആദ്യ രാജ്യമാണ് ഭൂട്ടാൻ,BHIM ആപ്പ് വഴി മൊബൈൽ അധിഷ്ഠിത പേയ്മെന്റുകൾ സ്വീകരിക്കുന്ന നമ്മുടെ ആദ്യ അയൽ രാജ്യം കൂടിയാണിത്.
ന്യൂ ഡൽഹി
ജൂലൈ 13, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.